നികുതിയിൽനിന്ന് ഒഴിവാക്കാൻ നടപടി

31 (297)ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂവകുപ്പ് പിരിക്കുന്ന കെട്ടിട നികുതി യിൽനിന്നും അനാഥാലയങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ അവയുടെ വരുമാ നമാർഗ്ഗത്തിനുവേണ്ടി പണിയുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാ ക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയി ട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനടി ഉത്തരവ് ഇറക്കുമോ?

ഉത്തരം

(എ)-(സി) കേരള കെട്ടിട നികുതി നിയമം 1975 സെക്ഷൻ 3(1)(ബി) പ്രകാരം അനാഥാലയങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവയ്ക്കായി പണിയുന്ന കെട്ടിടങ്ങളെ കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ വരുമാന മാർഗ്ഗത്തിനായി പണിയുന്ന കെട്ടിട ങ്ങളെ കെട്ടിടനികുതിയിൽ നിന്നൊഴിവാക്കിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ വൺമാൻ ട്രഷറികൾ

32 (298)ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കണ്ടല്ലൂർ, കൃഷ്ണപുരം, പത്തി യൂർ, ദേവി കുളങ്ങര എന്നിവിടങ്ങളിൽ വൺമാൻ ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയി ക്കുമോ;

(ബി) നേരത്തേ പ്രഖ്യാപിച്ചിട്ടുള്ള ഈ മണ്ഡലത്തിലെ വൺമാൻ ട്രഷറികൾ ഏതൊക്കെയാണ്;

(സി) കമ്പ്യൂട്ടറൈസേഷൻ കഴിഞ്ഞ് വൺമാൻ ട്രഷറികളുടെ കാര്യം പരിഗണിക്കാമെന്ന ധനകാര്യ വകുപ്പിന്റെ നിലപാടിന്റെ വെളിച്ചത്തിൽ കമ്പ്യൂട്ട റൈസേഷൻ എന്നു പൂർത്തിയാക്കുമെന്ന് അറിയിക്കുമോ;

(ഡി) മുതുകുളത്തെ വൺമാൻ ട്രഷറി പെൻഷൻകാരുടെ ആവശ്യം പരിഗണിച്ച് സബ്ട്രഷറിയായി ഉയർത്താനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; താമസിയാതെ സബ്ട്രഷറി ആരംഭിക്കുമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ കണ്ടല്ലൂർ, കൃഷ്ണപുരം, പത്തി യൂർ എന്നീ പഞ്ചായത്തുകളിൽ ഏകാംഗ ട്രഷറികൾ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ദേവികുളങ്ങര പഞ്ചായ ത്തിൽ ഏകാംഗ ട്രഷറി അനുവദിച്ചിട്ടില്ല.

(ബി) മുതുകുളം ഏകാംഗ ട്രഷറി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000-ാം മാണ്ട് അവസാനത്തോടുകൂടി ട്രഷറി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷ.

(ഡി) പരിശോധിച്ചുവരുന്നു.

കായംകുളം സബ്ട്രഷറി കെട്ടിടം പുതുക്കി പണിയാനുള്ള നടപടികൾ

33 (299)ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സബ്ട്രഷറി കെട്ടിടം പുതുക്കി പണിയാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എന്തു വരും;

(സി) എന്ന് പണി പൂർത്തിയാക്കാനാണ് ഉദ്ദ്യേശിക്കുന്നത്;

(ഡി) പുതുക്കി പണിയുന്ന കെട്ടിടത്തിൽ കൂടുതൽ ട്രഷറി സൗകര്യങ്ങൾ ഏർപ്പെടുത്താനുദ്ദേശമുണ്ടോ എന്നകാര്യം വിശദീകരിക്കുമോ?

ഉത്തരം

(എ) 14.5.99-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി വകുപ്പിന്റെ കുറെ സ്ഥലം നീതിന്യായ വകുപ്പിന് കൈമാറാനും നീതിന്യായ വകുപ്പിന്റെ കുറെ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനും വേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മൂന്നു ലക്ഷം രൂപ.

(സി) അനുമതിയായി. ഒരു വർഷത്തിനകം പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പുതുക്കിപണിയാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പാടു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

സഹകരണബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച ഫിക്സഡ് ഡെപ്പോസിറ്റ്

34 (300) ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര പ്രാഥമിക സഹകരണസംഘങ്ങളും സഹകരണ ബാങ്കുകളും സംസ്ഥാന ട്രഷറികളിൽ ഇപ്പോൾ ഫിക്സഡ് ഡെപ്പോസിറ്റ് നടത്തിയിട്ടുണ്ട്:

(ബി) പ്രസ്തുത സ്ഥാപനങ്ങൾ എന്തുതുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1055 പ്രാഥമിക സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും ഫിക്സഡ് ഡെപ്പോസിറ്റ് നടത്തിയിട്ടുണ്ട്.

(ബി) 250 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly